(ബി) എങ്കിൽ 551/98 /വി.ഐ.പി. /ഇറിഗേഷൻ ഐ ആന്റ് എൽ തീയതി 9.9.98 നമ്പരായുള്ള ഈ നിവേദനത്തിന്മേൽ എന്തൊക്കെ നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) എന്നത്തേക്ക് ഇതിന്റെ പണി തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(സി) ഈ പണിയുടെ അംഗീകാരത്തിനായി 6 ലക്ഷം രൂപ മതിപ്പു ചെലവു വരുന്ന പ്രോജക്ട് റിപ്പോർട്ട് നബാർഡ് സ്കീമിൽ ഉൾപ്പെടുന്നതിനായി സമർപ്പിച്ചെങ്കിലും, തോടിന്റെ പാർശ്വ ഭിത്തി സംരക്ഷണവും ബണ്ട് റോഡിന്റെ സംരക്ഷണവും മാത്രമായതിനാൽ നബാർഡിന്റെ അംഗീകാരം ലഭ്യമായില്ല. ഈ പ്രവൃത്തി മൈനർ ഇറിഗേഷൻ വഴി "2702-01-800-93 റിപ്പോർട്ട് ഫ്ളഡ് ഡാമേജസ്" എന്ന ഹെഡിൽ ചാർജ്ജ് ചെയ്തു നടപ്പാക്കേണ്ടതായിട്ടുണ്ട്. എന്നാൽ നോൺ പ്ലാൻ സ്കീമുകൾക്ക് ഈ ഹെഡിൽ പണി ഏറ്റെടുക്കുന്നതിന് 20.3.99 മുതൽ ഒരു വർഷത്തേക്ക് നിരോധനം ഏർപ്പെടുത്തിയിരിക്കുന്നതിനാൽ, ഈ നിരോധനം പിൻവലിച്ചശേഷം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഈ പണി ഏറ്റെടുക്കാവുന്നതാണ്.

25 (191) ലീഡിംഗ് കനാൽ നിർമ്മിക്കാൻ നടപടി

ശ്രീ. വി.കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ഒറ്റപ്പാലം താലൂക്കിൽ തൃത്താലം മണ്ഡലത്തിലെ കൂടല്ലൂർ ഗ്രാമപഞ്ചായത്തിലെ പട്ടിപ്പാടം പാടശേഖരത്തിൽ വരൾച്ചാക്കാലത്ത് നെൽക്കൃഷി ഉണങ്ങി നശിക്കുന്നതിന് പരിഹാരമായി അവിടെ ഒരു 'ലീഡിംഗ് കനാൽ' നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) അതിനായി എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിൻമേൽ സ്വീകരിച്ച നടപടികളെന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)(ബി)&(സി) ഇതിനായി പട്ടിത്തറ കായൽ കർഷക സമിതിയുടെ ഒരു നിവേദനം പാലക്കാട് മൈനർ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയർക്ക് ലഭിച്ചിട്ടുണ്ട്. എന്നാൽ പ്രോജക്ട് മെയിന്റനൻസ് ഹെഡിലുള്ള (നോൺ പ്ലാൻ) പണികൾക്ക് ഇപ്പോൾ സർക്കാർ നിരോധനം ഏർപ്പെടുത്തിയിരിക്കുന്നതിനാൽ പ്രസ്തുത പണി ചെയ്യുന്നതിനുള്ള നടപടികൾ നിരോധനം പിൻവലിക്കുന്ന മുറയ്ക്ക് സ്വീകരിക്കുന്നതാണ്.

26 (192) പത്തിയൂർ-കരിപ്പുഴ പാലങ്ങൾക്ക് സമീപം ബണ്ട് നിർമ്മിക്കാൻ നടപടി

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly